MALANKARA ORTHODOX SYRIAN CHURCH

# Christian Parenting

ക്രിസ്തീയ രക്ഷാകർത്തൃ ദൗത്യപദ്ധതി

## പതിരാവരുത് ഈ കതിരുകൾ

**മുദ്രാവാക്യം : മക്കൾ മഹാദാനം!**

**ബാലൻ നടക്കേണ്ട വഴിയിൽ അവനെ പരിശീലിപ്പിക്ക;**
**വൃദ്ധനായാലും അവൻ അത് വിട്ടുമാറുകയില്ല**

*സദൃശ്യവാക്യങ്ങൾ 22:6*

Facebook.com/ChristianParenting

സെപ്റ്റംബർ 20, 2011

പ്രിയപ്പെട്ട അച്ചന്,

മലങ്കര ഓർത്തഡോക്സ് സഭാ മാനവശാക്തീകരണ വിഭാഗം(The Ministry of Human Empowerment)കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ പ്രവർത്തനങ്ങൾക്ക് ബഹു. അച്ചൻ നല്കിയ പ്രാർത്ഥനാപൂർവ്വമായ സഹകരണത്തിന് നന്ദി പറയുന്നു.

## (1) കുടുംബഭദ്രതാ യജ്ഞം-2009

2009 ഒക്ടോബർ 'കുടുംബഭദ്രതാമാസ'മായി സഭയാകമാനം ആചരിച്ചു. തകർച്ചയുടെ വക്കിൽ എത്തി നിന്ന പല കുടുംബങ്ങളേയും യഥാസ്ഥാനപ്പെടുത്തുവാൻ ഈ യജ്ഞത്തിനു കഴിഞ്ഞു എന്നത് കൃതാർത്ഥതയോടെ ഓർക്കുന്നു. കുടുംബജീവിതത്തിന്റെ പ്രാധാന്യവും മൂല്യവും സംബന്ധിച്ച് സഭാമക്കളെ ബോധവൽക്കരിക്കുവാൻ ആ സമയത്തു നടന്ന ക്ലാസ്സുകളും സെമിനാറുകളും ഒക്കെ സഹായിച്ചു. തൽഫലമായി ഉത്തമ കുടുംബനിർമ്മിതി ലക്ഷ്യമാക്കി പ്രാധാനമായും രണ്ടു കാര്യങ്ങൾ സഭയിൽ ആരംഭിക്കുവാൻ സാധിച്ചു.

**(A) വിവാഹാർത്ഥിക്കുള്ള വിവാഹ പൂർവ്വകോഴ്സ്**

വിവാഹത്തിനായി ഒരുങ്ങുന്ന യുവതീയുവാക്കൾക്കായി ഒരു ദ്വിദിന വിവാഹപൂർവ്വകോഴ്സ് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചു. ഏകീകൃതമായ ഈ പാഠ്യപദ്ധതി അനുസരിച്ച് എല്ലാ ഭദ്രാസനങ്ങളിലും ഈ കോഴ്സ് നിലവിൽ വരുന്നതാണ്.

**( B) സഭയ്ക്ക് ഒരു വിവാഹവേദി -(marry2love.com)**

ഓർത്തഡോക്സ് വിശ്വാസത്തിൽ തന്നെ വളർന്ന ജീവിതപങ്കാളികളെ കണ്ടെത്തുവാൻ വിവാഹാർത്ഥികളേയും മാതാപിതാക്കളേയും സഹായിക്കുവാൻ സഭ ഒരുക്കുന്ന ഒരു മാട്രിമോണിയൽ/കുടുംബ വെബ്സൈറ്റ് ആണ് **www.marry2love.com** ഈ സൗകര്യം ഉപയോഗപ്പെടുത്തുവാൻ ബഹു. അച്ചൻ ഇടവകജനങ്ങളെ ഉത്ബോധിപ്പിക്കുമല്ലോ.

## (2) ലഹരിവിരുദ്ധ ബോധവൽക്കരണം (U-turn)-2010

ലഹരി വസ്തുക്കളുടെ ഉപയോഗം ക്രമാതീതമായി വർദ്ധിച്ചുവരുന്ന കാഴ്ചയാണ് കുറെക്കാലമായി നാം കാണുന്നത്. കുടുംബഭദ്രതയേയും സമൂഹത്തിന്റെ സമാധാനത്തേയും ഉലയ്ക്കുന്ന ഭയാനകമായ നിലയിലാണ് ലഹരി ഉപയോഗം. മദ്യ ദുരന്തങ്ങൾ തുടർക്കഥകളാകുന്നു. നമ്മുടെ യുവജനങ്ങളിൽ അധികപങ്കും (മദ്ബഹായിലെ ശുശ്രൂഷക്കാർ പോലും) ഏതെങ്കിലും ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നവരാണ്. മദ്യമെന്നത് സ്റ്റാറ്റസ് സിംബലായിരിക്കുന്നു. മാമോദിസാ, കല്യാണം, ശവസംസ്ക്കാരം, ഭവനകൂദാശ, പെരുനാളുകൾ എല്ലാം മദ്യമയം ആയിത്തീരുന്ന ദുരവസ്ഥയാണിന്ന്. ഇത്തരം സാമൂഹ്യതിന്മകൾക്കും ജീർണ്ണതകൾക്കുമെതിരെ ശബ്ദിക്കുവാനും സമൂഹത്തെ രക്ഷിക്കാനുമുള്ള ചുമതല സഭയ്ക്കുണ്ട്. 6500 കോടിയിലധികം ലാഭം കൊയ്യുന്ന ബിവറേജസ്കോർപ്പറേഷനെ വീണ്ടും ഊട്ടി വളർത്താനാണ് സർക്കാർ ശ്രമം. സ്ത്രീകളും കുട്ടികളും കൂടി ലഹരിയുടെ പിടിയിലമരുന്ന വാർത്തകൾ നാം കേട്ടുകൊണ്ടിരിക്കുന്നു. ഈ വിപത്തിനെതിരേ സഭയേയും സമൂഹത്തേയും ഉണർത്തുവാൻ ലക്ഷ്യമിട്ടുകൊണ്ട് പരി. ബാവാ തിരുമേനിയുടെ **489/2010** നമ്പർ കല്പന അനുസരിച്ച് **2010 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങൾ ലഹരിവിരുദ്ധ ത്രൈമാസമായി സഭ ആചരിച്ചു.** അതിന്റ തുടർപ്രവർത്തനങ്ങൾ പല ഭദ്രാസനങ്ങളിലും നടന്നുകൊണ്ടിരിക്കുന്നു. നമ്മുടെ യുവജനപ്രസ്ഥാനം ലഹരിവിരുദ്ധ ബോധവൽക്കരണം ഇക്കൊല്ലത്തെ പ്രധാന പരിപാടിയായി അംഗീകരിച്ചിട്ടുണ്ട്.

(1) ചില ഭദ്രാസനങ്ങളിൽ ലഹരിചികിത്സാകേന്ദ്രങ്ങൾ ആരംഭിക്കുവാൻ പദ്ധതിയിടുന്നു.

(2) യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ **ലഹരിവിരുദ്ധ സന്ദേശയാത്ര** നടത്തി.

(3) മദ്യത്തിന്റെ ലഭ്യത കുറയ്ക്കണമെന്നാവശ്യപ്പെട്ട് പരിശുദ്ധ ബാവതിരുമേനിയുടെ നേതൃത്വത്തിൽ സഭാ മേലദ്ധ്യക്ഷന്മാർ ഉപവാസം നടത്തി.

# ക്രിസ്തീയ രക്ഷാകർത്തൃദൗത്യ പദ്ധതി (2011)
## പതിരാവരുത് ഈ കതിരുകൾ!!

**എന്ത്?**

ആധുനികലോകത്തിന്റെ എണ്ണമറ്റ വെല്ലുവിളികളേയും സമ്മർദ്ദങ്ങളേയും അഭിമുഖീകരിക്കുന്ന നമ്മുടെ ഇളംതലമുറയ്ക്ക് ആവശ്യമായ ക്രിസ്തീയ മാതൃകയും ബോധനവും നല്കി സത്യവിശ്വാസത്തിലും, സന്മാർഗ്ഗത്തിലും വഴി നടത്തുവാൻ മാതാപിതാക്കളെ ഒരുക്കുന്ന ഒരു തീവ്രപരിശീലന പദ്ധതി ഇക്കൊല്ലത്തെ പരിപാടിയായി സഭയുടെ മാനവശാക്തീകരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്നതാണ്. കുടുംബ ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് സഭ നടപ്പാക്കുന്ന **'മക്കൾ മഹാദാനം'** എന്ന ആശയത്തിൽ അധിഷ്ഠിതമായ ഈ പദ്ധതിക്കു നല്കിയിരിക്കുന്ന ശീർഷകം **പതിരാവരുത് ഈ കതിരുകൾ** എന്നാണ്.

**എപ്പോൾ?**

**2011 ഒക്ടോബർ 1 മുതൽ ഡിസംബർ 31 വരെയുള്ള ഒരു പദ്ധതിയാണ് ഇത്.** ദീർഘകാലാടിസ്ഥാനത്തിൽ നടക്കേണ്ട ബോധവൽക്കരണത്തിന്റെ ആദ്യ ഘട്ടമാണ് ഈ മൂന്നുമാസങ്ങളിലായി ഇടവക-ഡിസ്ട്രിക്ട് - ഭദ്രാസന-സഭാതലങ്ങളിൽ നടപ്പിലാക്കുന്നത്.

**എന്തുകൊണ്ട് ?**

നമ്മുടെ സാമൂഹ്യ-സാമ്പത്തിക ഘടനകളിലും ജീവിതത്തിലും ത്വരിതഗതിയിൽ നടക്കുന്ന മാറ്റങ്ങൾ മൂലം പത്തിരുപത് വർഷങ്ങൾക്കുമുമ്പ് നാം സ്വപ്നംപോലും കണ്ടിട്ടില്ലാത്ത വലിയ വെല്ലുവിളികളും പ്രശ്നങ്ങളും സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. സാങ്കേതികവിദ്യയിൽ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന അഭൂതപൂർവമായ മുന്നേറ്റം സമൂഹത്തെ വൻമാറ്റങ്ങളിലേക്ക് നയിക്കുന്നു. കുടുംബഘടനയിലും ജീവിതചര്യയിലും ഉണ്ടായ മാറ്റങ്ങൾ പ്രധാനമായും താഴെപറയുന്നവയാണ്.

(1) അണുകുടുംബങ്ങളുടെ ആവിർഭാവം
(2) ഫ്ളാറ്റ്-ഫാസ്റ്റ്-ഉപഭോഗ സംസ്ക്കാരത്തിന്റെ വളർച്ച.
(3) കുടുംബശൈഥില്യം, വിവാഹമോചനം എന്നിവ സാധാരണ സംഭവങ്ങൾ.
(4) മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധത്തിൽ വലിയ മാറ്റങ്ങൾ.
(5) ടി.വി., കമ്പ്യൂട്ടർ തുടങ്ങിയ ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം.
(6) ധൂർത്ത്, ആഡംബരം എന്നിവയോടുള്ള ഭ്രമം.
(7) ഇന്റർനെറ്റ് ഉണ്ടാക്കിയ വിപ്ലവം.
(8) മൊബൈൽ ഫോൺ ഉയർത്തുന്ന വെല്ലുവിളികൾ.
(9) ജീവിതശൈലീരോഗങ്ങൾ, ആരോഗ്യനഷ്ടം.
(10)വൃദ്ധജനങ്ങളോടുള്ള അവഗണന.

കുടുംബമേഖലയിൽ ഉണ്ടായ ഈ മാറ്റങ്ങൾ മൂലം ശരിയായ സ്വഭാവരൂപീകരണമോ വിശ്വാസദൃഢീകരണമോ കുട്ടികളിൽ ഉണ്ടാകാതെ പോകുന്നു. ഇവ മൂലം സഭയിൽ ഉണ്ടാകുന്ന പാർശ്വഫലങ്ങൾ പലതാണ്
(1) സൺഡേസ്കൂൾകുട്ടികളുടെ എണ്ണത്തിൽ കുറവ്
(2) 17 മുതൽ 35 വയസുവരെയുള്ള യുവജനങ്ങളുടെ ആരാധനയിലെ പങ്കാളിത്തം വളരെ കുറയുന്നു.
(3) പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി പോകുന്ന യുവജനങ്ങളിൽ നല്ലൊരു ശതമാനം 'ന്യൂ ജനറേഷൻ ചർച്ച്'സിലേക്കും പ്രസ്ഥാനങ്ങളിലേക്കും മാറിപ്പോകുന്നു.
(4) മദ്യം, മയക്കുമരുന്ന്, സാത്താൻ ആരാധന, വഴിപിഴച്ചജീവിതം എന്നിവയിലേക്ക് അനേകർ ആകർഷിക്കപ്പെടുന്നു.
(5) സഭയോടും വിശ്വാസത്തോടും ഉള്ള പ്രതിബദ്ധതയും പ്രതിപത്തിയും വളരെ കുറഞ്ഞിരിക്കുന്നു.
ഈ സാഹചര്യത്തിലാണ് മാതാപിതാക്കൾക്കായുള്ള മാർഗ്ഗനിർദ്ദേശം അനിവാര്യമാകുന്നത്.

**എങ്ങനെ?**

മൂന്നു മാസത്തേക്കുള്ള ഒരു തീവ്രയജ്ഞ പരിപാടിയാണ് ഇതിൽ വിഭാവനംചെയ്യുന്നത്. പ്രധാന മായും ബോധവൽക്കരണം നടക്കേണ്ടത് ഇടവകതലത്തിലാണ്.

## വികാരിമാർ ചെയ്യേണ്ടത്

(1) ഈ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെപ്പറ്റി ഇടവകജനങ്ങളെ അറിയിക്കുക.

(2) 2011 സെപ്തബർ 30-നു മുമ്പായി ഇടവകയിൽ എല്ലാ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടേയും ഒരു സംയുക്തയോഗം വിളിച്ചുചേർത്ത് ഈ പദ്ധതി അവതരിപ്പിക്കുകയും ഒരോ പ്രസ്ഥാനവും ഈ പ്രോജക്ടിൽ എങ്ങനെ പങ്കുചേരണമെന്ന് നിശ്ചയിക്കുകയും ചെയ്യുക.

(3) ഓരോ പ്രസ്ഥാനവും കുറഞ്ഞത് ഒരു പരിപാടിയെങ്കിലും സംഘടിപ്പിക്കുക.

(4) സെപ്തംബർ അവസാനവാരത്തിൽ പള്ളിയങ്കണത്തിൽ ഇതു സംബന്ധിച്ച ഒരു ബാനർ സ്ഥാപിക്കുക. (മാതൃകാ ബാനർ കാണുക)

(5)സഭാകേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിദഗ്ധരെ ക്ഷണിച്ച് ക്ലാസ്സുകൾ, ചർച്ചകൾ ഇവ ക്രമീകരിക്കുക

(6) Parent’s Day (Nov.13), Children’s Day (Dec.4) സമുചിതമായി ആഘോഷിക്കുക. ഈ ദിനങ്ങളിൽ യഥാക്രമം ഒരു പേരന്റും ഒരു കുട്ടിയും പള്ളിയിൽ വചനഘോഷണം നടത്തുവാൻ അവരെ തയ്യാറാക്കുക.

(7) മുത്തച്ഛനേയും മുത്തശ്ശിയേയും ആദരിക്കുന്ന ഒരു പ്രോഗ്രാം ക്രമീകരിക്കുക.

(8) തലതൊട്ടപ്പൻ/തലതൊട്ടമ്മ ഇവരുടെ ഒരു യോഗം കൂടി അവരുടെ കടമകളും ഉത്തരവാദിത്തങ്ങളും മനസ്സിലാക്കിക്കൊടുക്കുക.

(9) Spiritual Birthday (മാമോദീസാ മുങ്ങിയ ദിവസം) ആഘോഷിക്കുവാൻ പ്രേരിപ്പിക്കുക.

(10) Young Couples Meet നടത്തി ഉത്തരവാദിത്തമുള്ള മാതൃപിതൃത്ത്വത്തിനായി ഒരുക്കുക.

(11) വിവാഹം, മാമോദീസാ, ഗൃഹപ്രവേശനം, പിറന്നാൾ തുടങ്ങിയ ആഘോഷാവസരങ്ങളിൽ ധൂർത്തും, ആഡംബരവും ഒഴിവാക്കുവാൻ ആഹ്വാനം ചെയ്യുക.

(12) +2 പാസ്സാകുന്ന വിദ്യാർത്ഥികൾക്കായി ഒരു മാർഗ്ഗനിർദ്ദേശക്ലാസ്സ് ക്രമീകരിക്കുക.(അവർ വിവിധ കോഴ്സുകൾക്കായി പോകുന്നതിനുമുമ്പ്)

(13) പോസ്റ്റർ, കാർട്ടൂൺ, ഉപന്യാസം, കഥാ-കവിതാ മത്സരങ്ങൾ സംഘടിപ്പിക്കുക.

(14) റാലികൾ, തെരുവുനാടകങ്ങൾ മുതലായവ നടത്തുക.

(15) എല്ലാ കുടുംബങ്ങളിലും നമസ്ക്കാരം നടക്കത്തക്കവിധം പാമ്പാക്കുട നമസ്ക്കാരപുസ്തകം/കുടുംബാരാധനക്രമം ഇവ ക്രമീകരിച്ച് നൽകുക.

(16) ഈ മൂന്ന് മാസങ്ങളിൽ നടത്തുന്ന പ്രസംഗങ്ങൾ, ക്ലാസുകൾ, പ്രാർത്ഥനായോഗങ്ങൾ ഇവയുടെ എല്ലാം പ്രധാന ചിന്താവിഷയം Good Parenting എന്നതായിരിക്കണം.

(17) ഇടവകയുടെ പ്രസിദ്ധീകരണങ്ങളിൽ Christain Parentingമുഖ്യവിഷയമാക്കി പ്രസിദ്ധീകരിക്കുക

മലങ്കര ഓർത്തഡോക്സ് സഭയുടെ ഈ രക്ഷാകർതൃദൗത്യപദ്ധതിക്ക് ബഹുമാനപ്പെട്ട അച്ചന്റെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

കർത്തൃ ശുശ്രൂഷയിൽ,

sd /

ഫാ. പി. എ. ഫിലിപ്പ്
ഡപ്യൂട്ടി സെക്രട്ടറി.



# അനുദിനം പ്രാർത്ഥിക്കുക

ഞങ്ങളെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന സർവ്വശക്തനായ ദൈവമേ! നിന്റെ സന്നിധിയിലേക്ക് ഞങ്ങൾ അടുത്തുവരുന്നു. അവിടുന്ന് ഞങ്ങളുടെ ജീവിതങ്ങളിലേക്ക് എഴുന്നള്ളി വരികയും ഞങ്ങളുടെ കുറവുകളെ പരിഹരിക്കുകയും സമ്പൂർണ്ണമായി നിന്നിൽ ആശ്രയം വച്ച് ഞങ്ങളുടെ കുടുംബജീവിതം പണിയുകയും ചെയ്യുവാൻ ഞങ്ങളെ ശക്തീകരിക്കുകയും ചെയ്യണമേ. ഞങ്ങളുടെ കർത്താവും രക്ഷിതാവുമായുള്ളോവേ! ഞങ്ങളുടെ ഭവനം നിന്റെ ദിവ്യപ്രകാശത്താൽ പ്രശോഭിച്ച് പൈശാചികമായ ഇരുളിൽ നിന്നും രക്ഷപെടുമാറാകണമേ. ഈ ഭവനത്തിൽ വസിക്കുന്ന ഞങ്ങളുടെ മാതാപിതാക്കളും സഹോദരീസഹോദരങ്ങളും നീ ഞങ്ങൾക്ക് ദാനമായി നൽകിയ മക്കളും പരസ്പരം വിശ്വാസത്തോടെയും സ്നേഹത്തോടെയും പെരുമാറുന്നവരും നന്ദി നിറഞ്ഞ ഹൃദയത്തോടെ നിന്നെ സ്തുതിക്കുന്നവരും സത്കർമ്മങ്ങളാൽ നിന്നെ പ്രസാദിപ്പിക്കുന്നവരും ആയിതീരുമാറാകണമെ. "മക്കൾ യഹോവ നൽകുന്ന അവകാശവും ഉദരഫലം അവിടുന്ന് നൽകുന്ന പ്രതിഫലവു"മാണെന്ന് മനസ്സിലാക്കി നിന്നെക്കുറിച്ചുള്ള അറിവിന്റെ പ്രകാശം നൽകി അവരെ വളർത്തുവാൻ ഞങ്ങൾക്ക് കൃപ നൽകണമെ. ദൈവാത്മാവിൽ ബലപ്പെട്ട് ദൈവിക ജ്ഞാനത്തിൽ നിറഞ്ഞ് സമൂഹത്തിനും സഭയ്ക്കും കുടുംബത്തിനും പ്രയോജനമുള്ളവരായി വളർന്നുവരുവാൻ ഞങ്ങളുടെ മക്കളെ അവിടുന്ന് സഹായിക്കേണമേ. അധർമ്മവും അനീതിയും ദുഷ്ടതയും നിറഞ്ഞ ലോകം ഞങ്ങളുടെ മക്കളെ അപകടപ്പെടുത്തുവാൻ ഒരുക്കിയിരിക്കുന്ന ചതിക്കുഴികളിൽ വീണ് ഞങ്ങളുടെ മക്കൾ നശിച്ചു പോകാതിരിക്കുവാൻ അവിടുന്ന് അവരുടെ കൈ പിടിച്ച് നടത്തേണമേ. ഏലിശബേത്തിനെയും സഖറിയാവിനെയും പോലെ തിരുസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകല കൽപനകളിലും ന്യായങ്ങളിലും കുറ്റമില്ലാതെ നടക്കുന്നവരുമായ ഉത്തമ മാതാപിതാക്കളായിരിക്കുവാൻ അവിടുന്ന് ഞങ്ങളെയും സഹായിക്കേണമെ. നസ്രേത്തിലെ എളിയ ഭവനത്തിൽ വി. ദൈവമാതാവിനോടും നീതിമാനായ യൗസേഫിനോടും ഒപ്പം സന്തോഷത്തോടും സംതൃപ്തിയോടും കൂടെ വസിച്ച് അവർക്ക് സന്തോഷവും സമാധാനവും പകർന്ന് നൽകിയ നാഥാ! ഞങ്ങളുടെ ഈ എളിയ ഭവനത്തിലും അവിടുന്ന് വസിച്ച് ഞങ്ങൾക്കും യഥാർത്ഥ സമാധാനവും ക്രിസ്തീയ ആനന്ദവും അനുഭവിക്കുവാൻ ഇടയാക്കേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ.

(ഈ പ്രാർത്ഥനയുടെ ഓരോ കോപ്പി എല്ലാ ഭവനങ്ങളിലും എത്തിക്കുവാൻ ക്രമീകരണം ചെയ്യണം)

# Feed Back Form

## ക്രിസ്തീയ രക്ഷാകർത്തൃദൗത്യ പദ്ധതി

### പതിരാവരുത് ഈ കതിരുകൾ!!

ഇടവകയുടെ പേര് :

ഭദ്രാസനം :

വിലാസം :

ഫോൺ :

വികാരിയുടെ പേര് :

വിലാസം :

ഫോൺ :

**ക്രിസ്തീയ രക്ഷാകർത്തൃദൗത്യ പദ്ധതിയുടെ ഭാഗമായി ഇടവകയിൽ നടത്തിയ വിവിധ സംരംഭങ്ങൾ**

| Sl. No. | തീയതി | പ്രോഗ്രാം/സംരഭത്തിന്റെ പേര് | നേതൃത്വം കൊടുത്ത ആദ്ധ്യാത്മിക സംഘടന |
|---|---|---|---|
| 1. | | പള്ളിയങ്കണത്തിൽ ബാനർ | |
| 2. | | മാതാപിതാക്കളുടെ പ്രാർത്ഥന | |
| 3. | | Young Couples Meet | |
| 4. | | Godparents Meet | |
| 5. | | സെമിനാർ/ബോധവൽക്കരണ ക്ലാസ്സ് | |
| 6. | | കുട്ടികളുടെ റാലി | |
| 7. | | പ്രസംഗ/പ്രബന്ധ മത്സരം | |
| 8. | | കൗൺസലിംഗ് സൗകര്യക്രമീകരണം | |
| 9. | | പോസ്റ്റർ, ഉപന്യാസം, കഥാ-കവിതാ മത്സരങ്ങൾ | |
| 10. | | ഹ്രസ്വചിത്ര പ്രദർശനം | |
| 11. | | Spiritual Birthday Celebration | |
| 12. | | +2 പാസായ വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശക്ലാസ്സ് | |
| 13. | | ഇതര പ്രോഗ്രാമുകൾ | |

സ്ഥലം :

തീയതി :

വികാരിയുടെ പേരും ഒപ്പും

(പൂരിപ്പിച്ച ഫീഡ് ബാക്ക് ഫോം Ministry of Human Empowerment, Malankara Orthodox Church,Catholicate Palace,Devalokam.P.O,Kottayam,Kerala - 686 038 2012 ജനുവരി 31ന് മുമ്പ് അയച്ചു തരിക)